**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2752** **17-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിലെ ജീവനക്കാർ നടത്തിയ സാമ്പത്തിക അഴിമതികളും 2010-11 മുതൽ 2014-15 വരെ ഫെഡറേഷനിൽ നടത്തപ്പെട്ട സഹകരണ വകുപ്പിന്റെ ആഡിറ്റിൽ സീനിയർ ആഡിറ്റർ വരുത്തിയ ഗുരുതര വീഴ്ചകളും കൃത്രിമങ്ങളും സംബന്ധിച്ച പരാതിയിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സഹകരണ വകുപ്പ് സെക്രട്ടറി സഹകരണ ആഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഡയറക്ടർ രണ്ട് തവണ പരിശോധനാ റിപ്പോർട്ട് സഹകരണ വകുപ്പ് സെക്രട്ടറിക്ക് നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (എ) | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ 2010-’11 മുതൽ 2014-’15 വരെയുള്ള ഓഡിറ്റ് നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആകയാൽ ടി കാലയളവിലെ ആഡിറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ട് സഹകരണ ആഡിറ്റ് ഡയറക്ടർ 06.12.2021 ൽ സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഒരിക്കൽ ആഡിറ്റ് ഡയറക്ടർ വിശദ പരിശോധനകൾക്ക് ശേഷം അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് വർഷങ്ങൾക്കു ശേഷം റിവൈസ് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നത് സംബന്ധിച്ച് കൂടുതൽ വിശദീകരണം സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും സഹകരണ ആഡിറ്റ് ഡയറക്ടറിൽ നിന്നും ആരായുകയുണ്ടായി. തുടർന്ന് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ഭരണം) ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുകയുണ്ടായി. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിൽ ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം തുടർന്നുവരുന്ന ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ആഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ഫെഡറേഷന്റെ ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയില്ലായെന്നുള്ള വിവരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സഹകരണ സംഘം രജിസ്ട്രാറും സഹകരണ ആഡിറ്റ് ഡയറക്ടറും സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. |
| (ബി) | 2010-11 മുതൽ 2014-15 വരെയുള്ള തെറ്റായ ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യാൻ ആഡിറ്റ് ഡയറക്ടർ 01/12/2021 ൽ ശിപാർശ ചെയ്ത പരിശോധനാ റിപ്പോർട്ട് ഗവൺമെന്റ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടും ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യാൻ ഉത്തരവ് ഇറക്കാത്തതിന്റെ കാരണം അറിയിക്കാമോ ; | (ബി) | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ 2010-'11 മുതൽ 2014-'15 വരെയുളള ഓഡിറ്റ് നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആകയാൽ ടി കാലയളവിലെ ആഡിറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ട് സഹകരണ ആഡിറ്റ് ഡയറക്ടർ 06.12.2021 ൽ സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഒരിക്കൽ ആഡിറ്റ് ഡയറക്ടർ വിശദ പരിശോധനകൾക്ക് ശേഷം അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് വർഷങ്ങൾക്കു ശേഷം റിവൈസ് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നത് സംബന്ധിച്ച് കൂടുതൽ വിശദീകരണം സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും സഹകരണ ആഡിറ്റ് ഡയറക്ടറിൽ നിന്നും ആരായുകയുണ്ടായി. തുടർന്ന് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ഭരണം) ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുകയുണ്ടായി. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിൽ ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം തുടർന്നുവരുന്ന ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ആഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ഫെഡറേഷന്റെ ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നുള്ള വിവരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സഹകരണ സംഘം രജിസ്ട്രാറും സഹകരണ ആഡിറ്റ് ഡയറക്ടറും സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | 2015-16 മുതൽ 2020-21 വരെയുള്ള ആഡിറ്റ് സർട്ടിഫിക്കറ്റ് ഫെഡറേഷന് എന്നത്തേയ്ക്ക നൽകും; അറിയിക്കുമോ; | (സി) | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഇതുവരെയുള്ള ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ ആഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിൽ ആഡിറ്റ് സമകാലീനമായി നടത്തപ്പെടാത്തതുകൊണ്ട് ഫെഡറേഷന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്ലാൻ ഫണ്ടുകളും ഗ്രാന്റുകളും സബ്സിഡികളും ആയി ലഭിക്കാതെ പോയ തുകകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ആഡിറ്റ് സമകാലീനമായി നടത്തപ്പെടാത്തതുകൊണ്ട് ഫെഡറേഷന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്ലാൻ ഫണ്ടുകൾ, ഗ്രാന്റുകൾ, സബ്സിഡികൾ എന്നിവ ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടില്ല. |
| (ഇ) | 2010 മുതൽ 2015 വരെ സഹകരണ വകുപ്പിലെ സീനിയർ ആഡിറ്റർ ശ്രീ. അയ്യപ്പൻ നായർ ഫെഡറേഷന്റെ ആഡിറ്റ് റിപ്പോർട്ടിൽ തെറ്റായ കണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കണക്കുകളിൽ കൃത്രിമം കാണിച്ചിട്ടുണ്ടെന്നും കാണിച്ച് ആഡിറ്റ് ഡയറക്ടർ സഹകരണ വകുപ്പ് സെക്രട്ടറിക്ക് പരിശോധന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടും പ്രസ്തുത ആഡിറ്റർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ; | (ഇ) | സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം തുടർന്നുവരുന്ന ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ആഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു. |
| (എഫ്) | പ്രസ്തുത വ്യക്തിയെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും പുറത്ത് നിർത്തി അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തയാറാകാത്തതിന്റെ കാരണം വിശദമാക്കാമോ; ഇദ്ദേഹത്തെ നിലവിലുള്ള തസ്തികയിൽ 6 വർഷം തുടരാൻ അനുവദിച്ചത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ? | (എഫ്) | സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം തുടർന്നുവരുന്ന ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ആഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ